പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: **644**

19.03.2013-ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.ശിവദാസൻ നായർ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | **(എ)** നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളിലാണ് പുനരുദ്ധാരണം നടത്തുന്നത്. എന്നാൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ അധുനികവൽക്കരണം, വൈവിദ്ധ്യവൽക്കരണം, ഉൽപ്പാദനം വർദ്ധിപ്പിക്കൽ എന്നിവ ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. |
| **(ബി)** കഴിഞ്ഞ സർക്കാരിൻെറ കാലത്ത് ലാഭം പെരുപ്പിച്ച് കാണിക്കാൻ പ്രസ്തുത സ്ഥാപനങ്ങളുടെ കണക്കുകളിൽ കൃത്രിമം കാണിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | **(ബി)** സർക്കാർ വായ്പയിന്മേലുള്ള കുടിശ്ശികകൾ എഴുതിത്തള്ളിയതിൻെറയും, സർക്കാർ വായ്പകൾ എഴുതിതള്ളുന്നതിനായി നൽകിയ അപേക്ഷകളുടെ അടിസ്ഥാനത്തിലും, സ്ഥലം വിൽപ്പനയിലൂടെ ലഭിച്ച അധികവരുമാനം കണക്കിലെടുത്തുകൊണ്ടും ചില പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തനലാഭം കാണിച്ചിട്ടുണ്ട്. റവന്യൂ ഗ്രാൻറ് പ്രവർത്തനലാഭം കണക്കാക്കിയതിനുശേഷം അക്കൗണ്ട് ചെയ്യാവുന്നതാണ്. |

A.Hibak

സെക്ഷൻ ഓഫീസർ